പാലിക്കാൻ അവരെ പ്രേരിപ്പിക്കണം. അല്ലെങ്കിൽ ഇത് നമ്മെ സംബന്ധിച്ച് വലിയ ഒരു പോരായ്മയാണ് എന്ന് മാത്രമെ എനിക്ക് സൂചിപ്പിക്കാനുള്ളൂ. ജനവിശ്വാസം വീണ്ടെടുക്കാൻവേണ്ടിയുള്ള നല്ല പ്രവർത്തനങ്ങൾക്കുവേണ്ടി ഇന്ന് ഈ മാറ്റി വച്ചിരിക്കുന്ന തുക വിനിയോഗിക്കും എന്ന പ്രതീക്ഷയോടുകൂടി ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു.

XI. ചോദ്യങ്ങൾക്ക് കൃത്യമായി ഉത്തരം ലഭിക്കാത്തത് സംബന്ധിച്ച്

ശ്രീ. എം. വി. ജയരാജൻ: സർ, പതിനൊന്നാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിന്റെ ആദ്യദിവസമായ ഇന്ന് ചോദ്യങ്ങൾക്ക് മറുപടി നൽകേണ്ടുന്നത് ഏറ്റവും പ്രധാനപ്പെട്ട ദിവസമാണ് അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടാകും. കാര്യവിവരപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും നിയമസഭയിൽതന്നെ ഏറ്റവും പ്രധാനപ്പെട്ടതുമാണ് ചോദ്യങ്ങൾക്ക് മറുപടി തരികയെന്നത്. ഇന്ന് പ്രതിപക്ഷത്ത് നിന്ന് കൊടുത്തത് മാത്രം അൺസ്റ്റാർഡ് 74 ചോദ്യങ്ങളുണ്ട്. അതിൽ 16 എണ്ണത്തിനു മാത്രമെ മറുപടി നൽകിയിട്ടുള്ളൂ. അതിൽ എട്ടെണ്ണം വിവരം ശേഖരിച്ചുവരുന്നു എന്നാണ് മറുപടി. തുടക്ക ദിവസം തന്നെ പുത്തരിയിൽ കല്ലു കടിക്കുന്ന രീതിയിൽ ഒരു ഭരണമായാൽ ബഹുമാനപ്പെട്ട ജോണി നെല്ലൂർ പറഞ്ഞതല്ലേ നടക്കുന്നത്. ഇത് നോക്കാൻ ആരെങ്കിലുമുണ്ടോ? ചോദ്യത്തിനു മറുപടി തരുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് പുതിയ ആൾ അല്ലല്ലോ.

ശ്രീ. എം. വി. ജയരാജൻ: സർ, അങ്ങയുടെ റൂളിംഗ് ഉണ്ടാകണം. ഒരു ഭരണമില്ലാത്ത.....

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): ബഹുമാനപ്പെട്ട അങ്ങ് പറഞ്ഞത് വളരെ മിതമായ ഭാഷയിൽ പറഞ്ഞാൽ വസ്തുതകൾക്ക് നിരക്കാത്തതാണ്. ഞാൻ തന്നെ 95-ാം 97-ാം ചോദ്യങ്ങൾക്ക് ഇന്ന് മറുപടി കൊടുത്തിട്ടുണ്ട്. അപ്പോൾ ആകെ പതിനാറേ കിട്ടിയുള്ളൂ എന്നു പറഞ്ഞാൽ, എന്തുപറ്റി അങ്ങേയ്ക്ക്. അത് ശരിയല്ല.

ശ്രീ. എം. വി. ജയരാജൻ: സർ, പതിനാറ് എണ്ണത്തിനു മാത്രമേ മറുപടി കിട്ടിയിട്ടുള്ളൂ. അങ്ങ് ഒപ്പിട്ടിട്ടുണ്ടാകും. പക്ഷേ മറുപടി കിട്ടിയിട്ടില്ല.

മി. സ്പീക്കർ: എന്താണ് ഈ സഭയിൽ എന്തുമാകാമെന്നാണോ? സീനിയർ മെമ്പർമാർപോലും തുടങ്ങിയാൽ കഷ്ടമാണ് ശ്രീ. ജയരാജൻ..... യെസ്.....

LIBRARY ARCHIVES Kerala Legislative Assembly